പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1828 04.10.2011-ൽ മറുപടിക്ക്

## ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.എഫ്.തോമസ് | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യസംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നൽകുന്ന സബ്സിഡി അപര്യാപ്തമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) മാലിന്യസംസ്ക്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ വീടുകളിൽ സ്ഥാപിക്കപ്പെടുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിയിലുൾപ്പെടുത്തി യൂണിറ്റ് നിരക്കിന്റെ 50% വരെ സബ്സിഡി നൽകി വരുന്നു. ഇപ്രകാരം നൽകുന്ന 50% സബ്സിഡി അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പ്രസ്തുത സഹായം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) സബ്സിഡി നൽകുവാൻ കേന്ദ്ര ഗവൺമെന്റ് സഹായം ലഭിക്കുന്നുണ്ടോ ; | സി) ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ വീടുകളിൽ നിർമ്മിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് മണ്ണിര കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ് എന്നിവയ്ക്ക് സബ്സിഡി നൽകുന്നത് കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം പ്രോജക്ടിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്ന തുകയിൽ നിന്നുമാണ്. |
| ഡി) എങ്കിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും കൂടുതൽ സാമ്പത്തിക സഹായം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഡി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിച്ച് ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ